LIBRARY ARCHIVES Kerala Legislative Assembly

വെള്ളക്കരം

60 [1746] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചു;

(ബി) പഴയ നിരക്കും പുതിയ നിരക്കും ഓരോ മേഖലയിലും വേർതിരിച്ച് വിശദമാക്കാമോ;

(സി) വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് ചുമത്തുന്ന സെസ്സിലൂടെ ലഭ്യമാകുന്ന അധിക വരുമാനം എന്തിനുവേണ്ടി വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും ഏജൻസിയുടെ പഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി യാണോ സെസ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കുടിവെള്ള മേഖലയിൽ സർക്കാർ സാമ്പത്തിക സഹായം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും നൽകിയിട്ടുള്ള തുകയെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം വർദ്ധി പ്പിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വീട്ടാവശ്യത്തിന് വിതരണം ചെയ്യുന്ന വെള്ളത്തിന് സെസ്സ് ചുമ ത്താൻ തീരുമാനിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കുടിവെള്ള മേഖലയിൽ കേരള സർക്കാർ സാമ്പത്തിക സഹായം ക്രമമായി കുറഞ്ഞിട്ടില്ല. കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക സഹായം താഴെ കൊടുക്കുന്നു:

2000-01	—	14261.00 ലക്ഷം രൂപ
2001-02	—	13960.75 ലക്ഷം രൂപ
2002-03	—	14774.50 ലക്ഷം രൂപ